**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 3819** **19.02.2013-ൽ മറുപടിക്ക്.**

## രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണ പുരോഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ.വി. റ്റി. ബൽറാം<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. വി. പി. സജീന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണ പുരോഗതികളും മറ്റ് വിവരങ്ങളും അറിയുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | : (എ) | പോലീസ് സ്റ്റേഷനുകളിൽ പുതുതായി നടപ്പിലാക്കി വരുന്ന CCTNS (Crime Criminal Tracking & Network System) സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണ പുരോഗതിയും മറ്റു വിവരങ്ങളും അറിയാൻ സാധിക്കുന്നതാണ്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിച്ചിട്ടുള്ള സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് അവർ നൽകിയ പരാതിയുടെ പുരോഗതി അറിയാവുന്നതാണ്. വിവര സാങ്കേതികവിദ്യയിലധിഷ്ഠിതമായ ടച്ച് സ്ക്രീൻ കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. പ്രസ്തുത സംവിധാനത്തിലൂടെ കേരളത്തിലെ ഏത് പോലീസ് സ്റ്റേഷനുകളിലും നൽകിയ പരാതിയുടെ അന്വേഷണ പുരോഗതിയും മറ്റു വിവരങ്ങളും അറിയുവാൻ സാധിക്കുന്നതാണ്. |
| (ബി) ഈ സംവിധാനം വഴി എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;<br>(സി) ഈ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | : (ബി) & (സി) | സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, സി.സി.റ്റി.എൻ.എസ്., ടച്ച് സ്ക്രീൻ കിയോസ്ക്ക് എന്നീ സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് അവർ നൽകിയ പരാതിയുടെ അന്വേഷണ പുരോഗതിയും മറ്റു വിവരങ്ങളും അറിയാൻ സാധിക്കുന്നതാണ് ഈ സംവിധാനങ്ങൾക്കെല്ലാം തുടക്കം കുറിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ